**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 593** **23-07-2021 - ൽ മറുപടിയ്ക്ക്**

**തുക്കുന്നപ്പുഴ ഫിഷ് ലാന്റിംഗ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | തുക്കുന്നപ്പുഴ ഫിഷ് ലാന്റിംഗ് സെന്റർ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | നബാർഡ് ആർ.ഐ.ഡി.എഫ്-15 പദ്ധതിയിൽ ഉൾപ്പെടുത്തി 60 ലക്ഷം രൂപയ്ക്ക് തുക്കുന്നപ്പുഴ ഫിഷ് ലാന്റിംഗ് സെന്ററിന് (പതിയാങ്കര) നൽകിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ലേലഹാൾ, കോൾഡ് സ്റ്റോറേജ് എന്നിവ വൈദ്യുതി കണക്ഷൻ ഉൾപ്പെടെ ലഭ്യമാക്കി പൂർത്തീകരിച്ചിട്ടുള്ളതും, പഞ്ചായത്തിന് കൈമാറിയിട്ടുള്ളതുമാണ്. പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന ടോയ്ലെറ്റ് ബ്ലോക്ക്, ഇന്റേണൽ റോഡുകൾ, പാർക്കിംഗ് ഏരിയ, ചുറ്റുമതിൽ, എന്നിവയുടെ നിർമ്മാണം സ്ഥലം ലഭ്യമാകാത്തതുമൂലം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. പതിയാങ്കര ഫിഷ് ലാന്റിംഗ് സെന്റർ മിനി ഫിഷിംഗ് ഹാർബറായി മാറ്റുന്നതിനാവശ്യമായ അന്വേഷണ-ഗവേഷണ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും മാതൃകാ പഠനം നടത്തുന്നതിന് CWPRS, പൂനയെ ഏൽപ്പിക്കുകയും 2019 ഫെബ്രുവരിയിലെ നം.5671 റിപ്പോർട്ട് പ്രകാരം അന്തിമ റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം 540 മീറ്റർ, 590 മീറ്റർ വീതം നീളം വരുന്ന രണ്ട് പുലിമുട്ടുകളുടെ നിർമ്മാണത്തിനും അനുബന്ധ ഘടകങ്ങൾക്കും നിലവിലുള്ള ഘടകങ്ങളുടെ നവീകരണത്തിനുമായി ഏകദേശം 60 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഹാർബർ നിർമ്മാണത്തിനാവശ്യ മായ സ്ഥലം പഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്ക് പതിയാങ്കര ഫിഷ് ലാന്റിംഗ് സെന്റർ ഒരു മിനി ഹാർബർ ആക്കി മാറ്റുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ; | (ബി) | നബാർഡ് ആർ.ഐ.ഡി.എഫ്-15 പദ്ധതിയിൽ ഉൾപ്പെടുത്തി 60 ലക്ഷം രൂപയ്ക്ക് തുക്കുന്നപ്പുഴ ഫിഷ് ലാന്റിംഗ് സെന്ററിന് (പതിയാങ്കര) നൽകിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ലേലഹാൾ, കോൾഡ് സ്റ്റോറേജ് എന്നിവ വൈദ്യുതി കണക്ഷൻ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടെ ലഭ്യമാക്കി പൂർത്തീകരിച്ചിട്ടുള്ളതും, പഞ്ചായത്തിന് കൈമാറിയിട്ടുള്ളതുമാണ്. പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന ടോയ്‌ലെറ്റ് ബ്ലോക്ക്, ഇന്റേണൽ റോഡുകൾ, പാർക്കിംഗ് ഏരിയ, ചുറ്റുമതിൽ, എന്നിവയുടെ നിർമ്മാണം സ്ഥലം ലഭ്യമാകാത്തതുമൂലം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. പതിയാങ്കര ഫിഷ് ലാന്റിംഗ് സെന്റർ മിനി ഫിഷിംഗ് ഹാർബറായി മാറ്റുന്നതിനാവശ്യമായ അന്വേഷണ-ഗവേഷണ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും മാതൃകാ പഠനം നടത്തുന്നതിന് CWPRS, പൂനയെ ഏൽപ്പിക്കുകയും 2019 ഫെബ്രുവരിയിലെ നം.5671 റിപ്പോർട്ട് പ്രകാരം അന്തിമ റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം 540 മീറ്റർ, 590 മീറ്റർ വീതം നീളം വരുന്ന രണ്ട് പുലിമുട്ടുകളുടെ നിർമ്മാണത്തിനും അനുബന്ധ ഘടകങ്ങൾക്കും നിലവിലുള്ള ഘടകങ്ങളുടെ നവീകരണത്തിനുമായി ഏകദേശം 60 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഹാർബർ നിർമ്മാണത്തിനാവശ്യ മായ സ്ഥലം പഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്ക് പതിയാങ്കര ഫിഷ് ലാന്റിംഗ് സെന്റർ ഒരു മിനി ഹാർബർ ആക്കി മാറ്റുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഇതിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ? | (സി) | നിർമ്മാണത്തിനാവശ്യമായ സ്ഥലം പഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്ക് ഫിഷ് ലാന്റിംഗ് സെന്റർ മിനി ഹാർബർ ആക്കി മാറ്റുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ